ശ്രദ്ധക്ഷണിക്കൽ

(1) ഭൂമി തരം മാറ്റൽ

ശ്രീമതി കാനത്തിൽ ജമീല: സർ, കേരളത്തിൽ 2008-ലാണ് ഡാറ്റാ ബാങ്കിലുൾപ്പെട്ട ഭൂമിയുടെ പട്ടിക പ്രസിദ്ധീകരിക്കുന്നത്. കേരളത്തിൽ അവശേഷിക്കുന്ന നെൽപ്പാടങ്ങളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുന്നതിന് ഇതേറെ സഹായകരമായിട്ടുണ്ട്. എന്നാൽ വർഷങ്ങളായി തങ്ങൾ താമസിക്കുന്ന, വലിയ തെങ്ങുകളും മറ്റ് ഫലവൃക്ഷങ്ങളടക്കമുള്ള ഭൂമി, 10-75 വർഷങ്ങൾക്കുമുമ്പ് ഉണ്ടാക്കിയിട്ടുള്ള വീട് പൊളിച്ചുപണിയാനോ അതല്ലെങ്കിൽ റിപ്പയർ നടത്തുവാനോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കിവർ പെർമിറ്റിനുവേണ്ടി പോകുമ്പോഴാണ് തന്റെ ഉടമസ്ഥതയിലുള്ള ഭൂമി ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടതാണെന്നുള്ളത് ഉടമസ്ഥർ മനസ്സിലാകുന്നത്. പൊളിച്ചുമാറ്റിയതിനുശേഷം വീണ്ടും വീട് പണിയാൻവേണ്ടിയിട്ടുള്ള പ്രയാസമനുഭവിക്കുന്നത് ചെറിയകാര്യമല്ല. ഇത് കാണാതിരിക്കാൻ കഴിയില്ല. ഇതൊന്നുമല്ല, ഏറ്റവും വലിയ പ്രയാസം ഇന്നനുഭവിക്കുന്നത് മറ്റൊരു പ്രശ്നമാണ്. പാവപ്പെട്ട ജനവിഭാഗത്തിന് ഗവൺമെന്റ് കൊടുക്കുന്ന ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടാൻവേണ്ടി

ധാരാളം കാലതാമസംവരുന്നുണ്ട്. എന്നാൽപ്പോലും ഏറെ ആശ്വാസമാണ് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുകായെന്നുപറയുന്നത്. ആ പദ്ധതിയിൽ ഉൾപ്പെട്ടുകഴിഞ്ഞാൽ തന്റെ ചിരകാലാഭിലാഷമായിട്ടുള്ള പൊളിഞ്ഞുവീഴാറായിട്ടുള്ള വീട്, അതല്ലെങ്കിൽ ഇന്നുവരെ അടച്ചുറപ്പുള്ള വീട്ടിൽ താമസിക്കാൻ കഴിയാത്ത ആളുകൾ വീടുകളുണ്ടാകുന്നതിനുവേണ്ടി ഇതിന്റെ രേഖയുമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് പോകുമ്പോഴാണ് തന്റെ നിലവും ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടതാണെന്നുള്ളത് മനസ്സിലാകുന്നത്. ഇത് ശരിയാക്കാൻവേണ്ടിയിട്ടുള്ള തത്രപ്പാടിൽ ദിവസങ്ങൾ കഴിയുമ്പോൾ മുൻഗണനാ ലിസ്റ്റിൽനിന്നും ഒഴിവാക്കപ്പെടുന്ന ഒരു സ്ഥിതിയുമിന്നുണ്ട്. ഓരോ ആർ.ഡി.ഒ.-യുടെ കീഴിൽ നോക്കിയാൽ 17000-ത്തിലധികം അപേക്ഷകളാണ് കെട്ടിക്കിടക്കുന്നത്. ഇത് ജനങ്ങളെ വല്ലാതെ പ്രയാസപ്പെടുത്തുന്നു. വളരെ ന്യായമായിട്ടുള്ള രീതിയിലേയ്ക്ക് ഇവർക്ക് കിട്ടേണ്ടുന്ന ഭൂമിപോലും തരം മാറ്റി കിട്ടാത്ത, അതല്ലെങ്കിൽ ഡാറ്റാ ബാങ്കിൽനിന്നും ഒഴിവാക്കപ്പെടാൻ എന്താണ് മാർഗ്ഗമെന്നുള്ളത് പരിശോധിക്കണം. ജനപക്ഷ സർക്കാരിന്റെ കടമതന്നെയാണ് തണ്ണീർത്തടങ്ങളും അതുപോലുള്ള വയലുകളുമെല്ലാംതന്നെ ഇതിൽനിന്നും

ഒഴിവാക്കുക എന്നുപറയുന്നത്. അതിന്ന് ഏറ്റവും നല്ലൊരു കാര്യവുമാണ്. ജനങ്ങളുടെ ബുദ്ധിമുട്ടുകൂടി പരിഹരിക്കുവാനുള്ള കാര്യങ്ങൾ ചെയ്യണമെന്നുള്ളതാണ് ശ്രദ്ധക്ഷണിക്കലിൽക്കൂടി ഞാൻ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നത്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, സംസ്ഥാനത്ത് നെൽവയൽ തരംമാറ്റ അപേക്ഷകൾ ക്രമാതീതമായി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അവയിൽ എത്രയും പെട്ടെന്ന് തീരുമാനമാകാൻ ഒരു പ്രത്യേക പദ്ധതി കൊണ്ടുവരികയുണ്ടായി.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, പ്രതിപക്ഷത്തിന് ഈ വിഷയത്തിൽ ശക്തിയായ പ്രതിഷേധമുണ്ട്. ഒരുകാരണവുമില്ലാതെ, ഇതുപോലൊരു വിഷയം ചർച്ച ചെയ്യാൻ ഗവൺമെന്റിന് താൽപ്പര്യമില്ലായെന്നത് ഞങ്ങളെ വിസ്മയിപ്പിക്കുന്ന കാര്യമാണ്. ഇത് ഗൗരവമായി കേരളത്തെ ബാധിക്കുന്ന ഒരു വിഷയമാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് ഇതുസംബന്ധിച്ച് എന്തോ പറയാനുണ്ട്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): പ്രതിപക്ഷ നേതാവ് സംസാരിച്ചുകഴിഞ്ഞാൽ എനിക്കും പറയാനുണ്ട്. ഞാൻ പറയുന്നതുംകൂടി റെക്കോർഡുചെയ്തുവരണം. അത്രയേയുള്ളൂ.

ശ്രീ. വി. ഡി. സതീശൻ: സർ, ഗുരുതരമായൊരു വിഷയം ചർച്ച ചെയ്യാൻ ഗവൺമെന്റ് എന്തിനാണ് ഭയപ്പെടുന്നത്. ഇത് ചർച്ച ചെയ്താൽ അംഗങ്ങളുടെ അഭിപ്രായങ്ങൾകൂടികേട്ട് നമ്മുടെ ടാക്സ് അഡ്മിനിസ്ട്രേഷൻ സിസ്റ്റം മെച്ചപ്പെടുത്തി കൂടുതൽ നികുതി വരുമാനം സംസ്ഥാനത്തുണ്ടാകാൻവേണ്ടിയിട്ടുള്ള ഉചിതമായ നിർദ്ദേശങ്ങളാണ് ചർച്ചയിലൂടെ ഞങ്ങൾ ലക്ഷ്യമാക്കുന്നത്. അത് ചർച്ച ചെയ്യാൻ പാടില്ലായെന്ന് പറഞ്ഞാൽ പിന്നെ എന്ത് നിയമസഭയാണ്? ഇന്നലെയും മിനിഞ്ഞാന്നും നടന്ന സംഭവങ്ങളുമായി ഈ കാര്യങ്ങൾക്ക് ബന്ധമുണ്ടെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. അതുകൊണ്ട് ഞങ്ങൾ...... ബഹുമാനപ്പെട്ട മന്ത്രിയുംകൂടി പറഞ്ഞിട്ട് എനിക്ക് പറയാനുള്ളത് പറയണം.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഞാൻ അങ്ങയുടെ റൂളിംഗ് ബഹുമാനത്തോടുകൂടി അംഗീകരിക്കുന്നു. റൂളിംഗ് ചെയറിന്റെ ഭാഗത്തുനിന്നും

അന്നുണ്ടായി. അതേസമയം ഈ സെഷൻ മുഴുവൻ ഈ കാര്യം ചർച്ച ചെയ്യാനുള്ളതാണ്. ഇനിയും ചർച്ച ചെയ്യാം.

മി. സ്പീക്കർ: ഈ കാര്യം ഓൾറെഡി ഡിബേറ്റഡാണ്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഈ കാര്യം വളരെ ഗൗരവമായി ചർച്ച ചെയ്യാം. നമ്മൾ ഈ കാര്യത്തിനെല്ലാം തയാറാകാത്തതല്ല. എല്ലാ വിശദാംശങ്ങളുമുണ്ട്. ഇനിയുള്ള ദിവസങ്ങളിൽ, ഈയൊരു മാസംമുഴുവൻ ഫിനാൻസ് സംബന്ധിച്ചുള്ള ചർച്ചയാണ്. ഓരോ ദിവസവും ഈ ചർച്ചയാണ്. അതുകൊണ്ട് അങ്ങ് പറഞ്ഞ വിഷയത്തിനകത്ത് അക്കാര്യവുമുണ്ട്. കേരളത്തിലെ ടാക്സ് അഡ്മിനിസ്ട്രേഷന്റെ കാര്യത്തിൽ വളരെ ഇംപ്രൂവ്മെന്റ് ഉണ്ടായിട്ടുണ്ട്. ഇനിയും കൂടുതൽ കാര്യങ്ങളുണ്ടെങ്കിൽ നമുക്ക് ചർച്ച ചെയ്യാമല്ലോ; കേരളത്തിലെ പൊതുതാൽപ്പര്യമാണ്.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, പക്ഷേ ഇന്നത്തെ ഒരു കാര്യത്തിനകത്ത് അങ്ങ് പറയുന്നത്......

ശ്രീ. വി. ഡി. സതീശൻ: സർ, സർക്കാരിന് ചർച്ച ചെയ്യാൻ കുഴപ്പമില്ലായെന്ന് പറയുന്നു. പിന്നെ എന്താണ് ഇവിടുത്തെ പ്രശ്നം?

<u>മി. സ്പീക്കർ</u>: ഒരുപാട് തവണ ഡിബേറ്റ് ചെയ്തതാണ്. ഒരുമാസം നീണ്ടുനിൽക്കുന്ന പ്രൊലോംഗ്ഡ് സെഷനാണ്. അതെങ്ങനെയാണ് വീണ്ടും ഡിബേറ്റ് ചെയ്യാൻപോകുന്നത്; സോറി, പ്ലീസ്.

<u>ശ്രീ. വി.ഡി. സതീശൻ</u>: സർ, എന്നെ കൺക്ലൂഡ് ചെയ്യാൻ സമ്മതിക്കൂ. ഒരുമാസം ഇവിടെ ഒരുപാട് വിഷയങ്ങൾ ചർച്ച ചെയ്യപ്പെടും.

<u>മി. സ്പീക്കർ</u>: ആദ്യത്തെ സബ്മിഷനുള്ള അവസരം ഉണ്ട്.

<u>ശ്രീ. വി.ഡി. സതീശൻ</u>: സബ്മിഷനുള്ള അവസരം ഞങ്ങൾ റിജക്റ്റ് ചെയ്യുകയാണ്. ഒരുമാസം ഇവിടെ ഒരുപാടുകാര്യങ്ങൾ ചർച്ച ചെയ്യാൻ സമയമുണ്ട്. ശരിയാണ്. അതുകൊണ്ട് ഇനി പ്രതിപക്ഷത്തിന് റൂൾ 50 നോട്ടീസ്,..... നിങ്ങൾ റൂൾ 50-യെ ഭയപ്പെടുന്നു, അടിയന്തര പ്രമേയ ചർച്ചയെ നിങ്ങൾ ഭയപ്പെടുന്നു. ഭരണപക്ഷം ഇന്നലെയും ഇന്നുമായി നാണംകെട്ട് നിൽക്കുകയാണ്. ഈ തീരുമാനത്തിൽ ശക്തിയായി പ്രതിക്ഷേധിച്ചുകൊണ്ട് ഞങ്ങൾ വാക്കൗട്ട് നടത്തുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികൾ ഒന്നടങ്കം സഭയിൽനിന്ന് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചു വരികയും ചെയ്തു.)

റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഇതുപ്രകാരം സംസ്ഥാനത്തെ എല്ലാ റവന്യൂ ഡിവിഷൻ ഓഫീസുകളിലും കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം ലഭിക്കുന്ന ഭൂമി തരംമാറ്റ അപേക്ഷകൾ ഏകീകൃതമായ രീതിയിൽ കൈകാര്യം ചെയ്യുന്നതിനും അപേക്ഷകൾ പ്രോസസ് ചെയ്യുന്നത് ലളിതമാക്കുകയും ചെയ്യുക എന്ന പ്രാഥമിക ഉദ്ദേശ്യത്തോടെ പ്രത്യേക അദാലത്തുകൾ നടത്തി നിയമത്തിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് പരമാവധി വേഗത്തിൽ അപേക്ഷകൾ തീർപ്പുകൽപ്പിക്കുകായെന്ന ലക്ഷ്യത്തോടെയും ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡ്യൂവർ തയ്യാറാക്കിയിട്ടുള്ളതാണ്. സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡ്യൂവർ പ്രകാരം അപേക്ഷകൾ തീർപ്പുകൽപ്പിക്കുന്നത് മുൻഗണനാക്രമത്തിലായിരിക്കണമെന്നും ഇ-ഓഫീസ് നിലവിലുള്ള ഓഫീസിൽ അപേക്ഷാ വിവരങ്ങൾ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. തരംമാറ്റ അപേക്ഷകളിൽ മുൻഗണനാക്രമം നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എസ്.ഒ.പി.-യിൽ പറഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ,

ലൈഫ് മിഷൻ പദ്ധതിയിലുൾപ്പെട്ടതും വീട് അനുവദിച്ച് നൽകിയതുമായ കേസ്സുകളിൽ അപേക്ഷകൾക്ക് മുൻഗണന നൽകി തീർപ്പുകൽപ്പിക്കണമെന്നും ഗുരുതരമായ രോഗങ്ങൾക്ക് ചികിത്സാർത്ഥം ഭൂമി വിൽക്കേണ്ടതോ, വായ്പാവശ്യങ്ങൾക്കോ, അനുകമ്പാപൂർണ്ണമായ മറ്റുസാഹചര്യങ്ങൾക്കോ മുൻഗണന നൽകണമെന്നും നിശ്ചയിച്ചിട്ടുണ്ട്. മേൽപ്രകാരം ലൈഫ് മിഷൻ ഭവന പദ്ധതിയിലുൾപ്പെടെ മുൻഗണന നൽകേണ്ടുന്ന ആവശ്യങ്ങൾക്ക് രേഖകൾസഹിതം അപേക്ഷ സമർപ്പിച്ചാൽ റവന്യൂ ഡിവിഷണൽ ഓഫീസർ, സീനിയർ സൂപ്രണ്ട്, ജൂനിയർ സൂപ്രണ്ട് എന്നിവരടങ്ങുന്ന സമിതി ആഴ്ചയിലൊരിക്കൽ മീറ്റിംഗ് കൂടി രേഖകൾ പരിശോധിച്ച് തീരുമാനം കൈക്കൊള്ളേണ്ടതാണെന്നും സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡ്യൂവറിലൂടെ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ എല്ലാമാസവും ആർ.ഡി.ഒ. സബ്കളക്ടർമാരുമായി നടത്തുന്ന അവലോകന യോഗത്തിലൂടെ മേൽപ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങളെല്ലാം റവന്യൂ ഡിവിഷൻ ഓഫീസുകളിലും പാലിക്കുമെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. രണ്ടാം ഗവൺമെന്റ് വരുന്നഘട്ടത്തിൽ ഓഫ് ലൈനിലുള്ള അപേക്ഷകളുടെ ആകെ എണ്ണം 2,26,901 ആയിരുന്നു. അതിൽനിന്ന് ഇപ്പോൾ 94.71

ശതമാനവും പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ ഗവൺമെന്റുള്ളപ്പോൾ രണ്ട് ഘട്ടങ്ങളിലായി 26-11-2022-ൽ 278/2022 ആയും പിന്നീട് 56/2022-ആയും കൂടുതൽ ഉദ്യോഗസ്ഥരെ വില്ലേജ്തലം മുതൽ ആർ.ഡി.ഒ. തലംവരെ നിയമിച്ചു. 990 ജീവനക്കാരെയും ആവശ്യമായ ഉപകരണങ്ങളും 341 വാഹനങ്ങളും കൊടുക്കാൻ തീരുമാനിച്ചതുകൊണ്ട് നടപടിക്രമങ്ങൾ വേഗതയിലായിട്ടുണ്ട്. ഇപ്രകാരം ലൈഫ് മിഷൻ പദ്ധതിയിൽ വീട് അനുവദിച്ചതായ കേസ്സുകളിൽ മുൻഗണനാക്രമം നൽകി അപേക്ഷകൾ തീർപ്പാക്കുന്ന വിഷയത്തിൽ സർക്കാർ അടിയന്തരപ്രാധാന്യത്തോടെയുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. സംസ്ഥാനത്തെ 29 ആർ.ഡി.ഒ. ഓഫീസുകളിലെയും തരംമാറ്റൽ അപേക്ഷകൾ തീർക്കാനായി ആറ് മാസക്കാലത്തേയ്ക്ക് താൽക്കാലിക ജീവനക്കാരെയും വാഹന സൗകര്യങ്ങളും ഇപ്പോൾ കൊടുത്തിട്ടുണ്ട്. അപേക്ഷകൾ തീർപ്പാക്കുമ്പോൾ ലൈഫ് മിഷൻ പദ്ധതിയിൽ വീട് അനുവദിച്ചതായ കേസ്സുകളിൽ മുൻഗണനാക്രമം നൽകി അപേക്ഷകൾ തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് നിശ്ചയിച്ചിട്ടുണ്ട്. ഏതെങ്കിലും വിഭാഗത്തിൽ പ്രശ്നമുള്ളതായി അറിയിച്ചാൽ അത് പ്രത്യേകമായി പരിശോധിക്കുകയും ചെയ്യാം.

ശ്രീമതി കാനത്തിൽ ജമീല: സർ, തണ്ണീർത്തടങ്ങളും നെൽവയലുകളും മാത്രമായി ഐഡന്റിഫൈ ചെയ്ത് വലിയ വൃക്ഷങ്ങളും വീടുകളുമെല്ലാമുള്ള ഭൂമി ഒഴിവാക്കാൻ പറ്റുമോ; അതിനൊരു പ്രത്യേക സർവ്വെ നടത്തി തണ്ണീർത്തടങ്ങൾ സംരക്ഷിക്കാൻവേണ്ടിയുള്ള ഭൂമി മാർക്ക് ചെയ്ത് മറ്റുള്ളവ ഒഴിവാക്കിക്കൊടുക്കാൻ പറ്റുമോയെന്നുള്ളതാണ് എന്റെ ചോദ്യം. മറ്റൊന്ന് പറയാനുള്ളത്, മുൻകാലങ്ങളിലുള്ള വലിയ വീടുകൾ പൊളിച്ചുമാറ്റുകയും വീണ്ടും അവർക്ക് വീടുവയ്ക്കാൻ പറ്റാതെ വർഷങ്ങളായി കിടക്കുന്ന അപേക്ഷകളും ഇപ്പോൾ ആർ.ഡി.ഒ.-യിലുണ്ട്.

ശ്രീ. കെ. രാജൻ: സർ, നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളുമനുസരിച്ചാണ് നടപടിക്രമങ്ങൾ കൊണ്ടുപോകുന്നത്. 2022 ഫെബ്രുവരി ഒന്നിന് മുമ്പായി ഓഫ്‌ലൈനായി കൊടുത്തിരുന്ന അപേക്ഷകളിൽ 94 ശതമാനവും ഇപ്പോൾ തീർത്തിട്ടുണ്ട്. ഫെബ്രുവരി ഒന്നുമുതൽ ഓൺലൈനാക്കിയിട്ടുണ്ട്. അതിന്റെ നടപടിക്രമങ്ങൾ പുരോഗമിക്കുകയും ചെയ്യുകയാണ്. മറ്റുകാര്യങ്ങളെല്ലാം രേഖകൾ പ്രകാരമാണ് ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട അംഗം പറഞ്ഞ ലൈഫ് മിഷന്റെ കാര്യം പ്രത്യേകമായി പരിശോധിക്കാം. ഇവിടെ അംഗം ഈ പ്രശ്നം

ഉന്നയിച്ച സാഹചര്യത്തിൽ സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡ്യുവർ (എസ്.ഒ.പി.) കൃത്യമായി നടക്കുന്നുണ്ടോയെന്ന് പരിശോധിക്കാൻ ലാൻഡ് റവന്യൂ കമ്മീഷണറെ ചുമതലപ്പെടുത്തുകയും ചെയ്യാം.

(2) അദ്ധ്യാപകരുടെ നിയമനാംഗീകാരം

ശ്രീ. പി. ഉബൈദുള്ള: സർ, സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയിലെ തസ്തിക നിർണ്ണയത്തിന്റെ വകുപ്പുതല നടപടികൾ പൂർത്തീകരിച്ചിട്ടുള്ള സാഹചര്യത്തിൽ സർക്കാർ എയ്ഡഡ് വിദ്യാലയങ്ങളിൽ നിയമിക്കപ്പെട്ട മുഴുവൻ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെയും നിയമനം അംഗീകരിച്ച് ശമ്പളം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ വിതരണം ചെയ്യേണ്ടതിന്റെ ആവശ്യകത ഈ പ്രമേയത്തിലൂടെ ബഹുമാനപ്പെട്ട മന്ത്രിയുടെയും സർക്കാരിന്റെയും ശ്രദ്ധയിൽകൊണ്ടുവരികയാണ്.

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലേയ്ക്കെത്തുന്ന കുട്ടികളുടെ എണ്ണം ഓരോ വർഷവും വർദ്ധിച്ചുവരികയാണ്. അതിനനുസരിച്ച് വിദ്യാലയങ്ങളിൽ ഭൗതിക സൗകര്യങ്ങളൊരുക്കാൻ സർക്കാരും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും എം.എൽ.എ.-മാരും എം.പി.-മാരും

സ്കൂൾ മാനേജ്മെന്റുമെല്ലാം ചേർന്ന് പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. എന്നാൽ അദ്ധ്യയനം തടസ്സപ്പെടാതിരിക്കാൻ നമ്മുടെ സർക്കാർ വിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണത്തിനും ഡിവിഷനും ആനുപാതികമായി അദ്ധ്യാപകരെ നിയമിക്കാതിരിക്കുകയും എയ്ഡഡ് വിദ്യാലയങ്ങളിൽ നിയമിക്കപ്പെടുന്ന അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും സാങ്കേതിക തടസ്സങ്ങൾ പറഞ്ഞ് ജീവനക്കാരുടെ അംഗീകാരം നീട്ടികൊണ്ടുപോകുകയും ചെയ്യുന്ന സാഹചര്യമാണ് ഇപ്പോൾ നിലവിലുള്ളത്. പ്രാഥമികമായി വിദ്യാലയങ്ങളിൽ പഠന സൗകര്യങ്ങളൊരുക്കുക എന്നത് സർക്കാരിന്റെ ചുമതലയാണ്. എല്ലാ വർഷവും ജൂലൈ പതിനഞ്ചിന് മുമ്പ് പൂർത്തീകരിക്കേണ്ട തസ്തിക നിർണ്ണയം കോവിഡിനുശേഷം കഴിഞ്ഞ മൂന്ന് വർഷമായി നടന്നിട്ടില്ല. കേരള വിദ്യാഭ്യാസ ചട്ടത്തിൽ ഭേദഗതി വരുത്തി തസ്തിക നിർണ്ണയം സർക്കാർ നേരിട്ട് ഏറ്റെടുത്തെങ്കിലും അനന്തമായി നീണ്ടുപോകുന്ന സാഹചര്യമാണ് നിലവിലുള്ളത്. എന്നാൽ ഉദ്യോഗാർത്ഥികളുടെയും അദ്ധ്യാപകരുടെയും ഏറെ നാളത്തെ കാത്തിരിപ്പിനും പ്രതിഷേധത്തിനുമൊടുവിൽ 2023 ഫെബ്രുവരി 16-ന് പൊതുവിദ്യാഭ്യാസ വകുപ്പ് തസ്തിക നിർണ്ണയ നടപടികൾ പൂർത്തിയാക്കി

ഫയൽ ധനകാര്യ വകുപ്പിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. ധനകാര്യ വകുപ്പിന്റെ തീരുമാനത്തിലുണ്ടാകുന്ന കാലതാമസം നഷ്ടപ്പെടുത്തുന്നത് ഉദ്യോഗാർത്ഥികളുടെ ജോലിയും ജീവിതവുമായിരിക്കും. 2022-2023 അദ്ധ്യയന വർഷത്തിൽ 2313 സ്കൂളുകളിൽനിന്നും ആകെ സൃഷ്ടിച്ച അധിക തസ്തികകളുടെ എണ്ണം 6005 ആണ്. 1106 സർക്കാർ സ്കൂളുകളിൽനിന്നായി 3080 തസ്തികകളും 1207 എയ്ഡഡ് സ്കൂളുകളിൽനിന്നായി 2925 തസ്തികകളുമാണ് സൃഷ്ടിക്കേണ്ടത്. ഇതിൽ അദ്ധ്യാപക തസ്തിക 5906-ഉം അനദ്ധ്യാപക തസ്തിക 99 ആണ്. എച്ച്.എസ്.ടി. സർക്കാർ-740, എയ്ഡഡ്-568. യു.പി.എസ്.ടി. സർക്കാർ-730, എയ്ഡഡ്-737. എൽ.പി.എസ്.ടി. സർക്കാർ -1086, എയ്ഡഡ് -978 എന്നിങ്ങനെയാണ് തസ്തികകളുടെ എണ്ണം. പൊതുവിദ്യാഭ്യാസം സംബന്ധിച്ച് വളരെ പ്രധാനപ്പെട്ട വിഷയമാണിത്.

എൽ.പി./യു.പി. സ്കൂളുകളിലെ മറ്റ് തസ്തികകൾ: സർക്കാർ-463, എയ്ഡഡ്-604. എന്നാൽ 2019-2020 വർഷം അനുവദിക്കുകയും ഇതുവരെ തുടർന്നുവന്നിരുന്നതും 2022-2023 വർഷം തസ്തിക നിർണ്ണയത്തിൽ നഷ്ടപ്പെട്ടതുമായ 4563 തസ്തികകളാണുള്ളത്. അതായത് സർക്കാർ-1638,

എയ്ഡഡ്-2925 അങ്ങനെ ആകെ 4563 തസ്തികകളാണുള്ളത്. ഫലത്തിൽ മൊത്തത്തിലുള്ള 6005 തസ്തികകളിൽനിന്ന് 4563 കുറവുചെയ്താൽ 1442 ഒഴിവുകൾ മാത്രമാണ് പുതിയതായി സൃഷ്ടിക്കപ്പെടുന്നത്. വളരെ കുറഞ്ഞ എണ്ണം മാത്രമേയുള്ളൂ. ആയതിനാൽ സർക്കാരിനും ധനകാര്യ വകുപ്പിനും കൂടുതൽ ബാധ്യതകൾ വരാതെതന്നെ അദ്ധ്യാപക നിയമന വിഷയത്തിൽ തീരുമാനമെടുക്കാൻ സാധിക്കും. എത്രയുംവേഗം നിലവിലുള്ള പി.എസ്.സി. ലിസ്റ്റിൽനിന്നും പൊതുവിദ്യാലയങ്ങളിൽ നിയമനം നടത്തി ഒഴിവുകൾ നികത്തണം. നിയമനം നീണ്ടുപോയാൽ വിവിധ റാങ്ക് ലിസ്റ്റിലുൾപ്പെട്ട ഉദ്യോഗാർത്ഥികളുടെ ഭാവിയിൽ കരിനിഴൽ വീഴുമെന്ന കാര്യം നാം കാണാതെ പോകരുത്. കേരള വിദ്യാഭ്യാസ ചട്ടമനുസരിച്ച് സംസ്ഥാനത്തെ എയ്ഡഡ് വിദ്യാലയങ്ങളിൽ നിയമിക്കപ്പെട്ട എല്ലാ അദ്ധ്യാപകർക്കും അവരുടെ നിയമന പ്രൊപ്പോസലുകൾ പരിശോധിച്ച് ഉടൻ അംഗീകാരം നൽകണം. മറ്റൊരു പ്രധാനപ്പെട്ട കാര്യമാണ്, കുട്ടികളുടെ ഉച്ചഭക്ഷണ പദ്ധതി. ഇത് പ്രധാന അദ്ധ്യാപകരെ സംബന്ധിച്ചിടത്തോളം വലിയൊരു ബാദ്ധ്യതയായി മാറിയിരിക്കുകയാണ്. 1995 മുതൽ സംസ്ഥാനത്ത് നടപ്പാക്കിവരുന്ന ഈ പദ്ധതിയുടെ ലക്ഷ്യം കുട്ടികൾക്ക് ഗുണമേന്മയുള്ളതും

പോഷകസമൃദ്ധവുമായ ആഹാരം നൽകുകയെന്നതാണ്. 2019-2020 വരെ ഭംഗിയായി നടന്നെങ്കിലും ഇപ്പോൾ ആ പദ്ധതി ആകെ താളംതെറ്റിയിരിക്കുന്നു. അതുകൊണ്ട് ഉച്ചഭക്ഷണത്തിനാവശ്യമായ തുക കാലോചിതമായി വർദ്ധിപ്പിച്ച് കുട്ടികൾക്ക് പോഷകഗുണമുള്ള ഭക്ഷണസാധനങ്ങൾ എത്തിക്കുന്നതിനുവേണ്ടിയുള്ള നടപടികൂടിയുണ്ടാകണമെന്ന് ശ്രദ്ധക്ഷണിക്കലിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, സാധാരണയായി ശ്രദ്ധക്ഷണിക്കലിൽ ഒരു വിഷയമാണ് അവതരിപ്പിക്കാറുള്ളത്. ഇപ്പോൾ ബഹുമാനപ്പെട്ട അംഗം രണ്ട് വിഷയങ്ങളാണ് അവതരിപ്പിച്ചിട്ടുള്ളത്. കേരള വിദ്യാഭ്യാസ ചട്ടം അദ്ധ്യായം 14 എ-ലെ വ്യവസ്ഥകൾ പാലിച്ചാണ് സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ ജീവനക്കാരുടെ നിയമനം നടത്തിവരുന്നത്. പ്രസ്തുത വ്യവസ്ഥകൾക്കുപരിയായി സർക്കാരുകളും കോടതികളും കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ അടിസ്ഥാനത്തിലും നിയമനം നടത്താറുണ്ട്. 2019-2020 അദ്ധ്യയന വർഷത്തെ തസ്തിക നിർണ്ണയം 2020-2021, 2021-

2022 എന്നീ അദ്ധ്യയന വർഷങ്ങളിലും ബാധകമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ കോവിഡ് മഹാമാരി കാരണം സ്കൂളുകൾ റെഗുലറായി തുറക്കാത്തതിനാൽ 2020-2021 അദ്ധ്യയന വർഷം പുതിയ നിയമനങ്ങൾ നടന്നിരുന്നില്ല. 2021-2022 അദ്ധ്യയന വർഷം 15-07-2021 മുതൽ നിലവിലുള്ള ഒഴിവുകളിൽ നിയമനം നടത്താൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എയ്ഡഡ് നിയമനങ്ങൾ അംഗീകരിക്കാൻ നൽകിയ നിർദ്ദേശത്തിൽ ഭിന്നശേഷി സംവരണം പാലിക്കണമെന്ന വ്യവസ്ഥയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ചെയ്തിരുന്നു. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശത്തെത്തുടർന്ന് 25-06-2022-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. ഭിന്നശേഷി സംവരണം സംബന്ധിച്ച ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 10-08-2022-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ 18-04-2018-ലെ സർക്കുലർ, 25-06-2022-ലെ സർക്കുലർ, 28-10-2022-ലെ സർക്കാർ കത്ത്, 23-11-2022-ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കത്ത് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം സംവരണം പാലിക്കേണ്ടതാണെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്.

ആയതിന്റെ അടിസ്ഥാനത്തിൽ 07-02-1996 മുതൽ 18-04-2017 വരെ മൂന്ന് ശതമാനവും 19-04-2017 മുതൽ നാല് ശതമാനവും സംവരണം പാലിക്കുന്നക്രമത്തിൽ റോസ്റ്റർ തയ്യാറാക്കി അർഹരായ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളെ നിയമിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. 2018 നവംബർ മാസം 18-ന ശേഷം സംജാതമായ ഒഴിവുകളിൽ നിയമിതരായ ജീവനക്കാരിൽ നിലവിൽ അംഗീകരിക്കപ്പെടാതെ തുടരുന്നവരുടെ നിയമനം കോടതി വിധിയനുസരിച്ച് ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവരുടെ നിയമനം അംഗീകരിക്കുന്ന മുറയ്ക്കുമാത്രമേ അംഗീകരിക്കാൻ സാധ്യമാവുകയുള്ളൂ. 2022 ആഗസ്റ്റ് മാസം 10-ലെ ഉത്തരവിനെതിരെ ഫയൽ ചെയ്ത അപ്പീലുകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലാണ്. ഇതുസംബന്ധിച്ച് കോടതി നിർദ്ദേശങ്ങളുടെയും ബന്ധപ്പെട്ട മറ്റ് സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ ഭിന്നശേഷി സംവരണം നടപ്പിലാക്കുന്നതിനും നിയമനാംഗീകാരം നൽകുന്നതിനുമുള്ള സത്വരനടപടികൾ സ്വീകരിച്ചുവരികയാണ്.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ഭിന്നശേഷി സംവരണത്തിലെ അവ്യക്തതയാണ് വർഷങ്ങളായി നിയമനം ലഭിച്ചിട്ടുള്ള അദ്ധ്യാപകരുടെ

നിയമനാംഗീകാരം ലഭിക്കാതെ നീണ്ടുപോകുന്നത്. അതുകൊണ്ട് ഭിന്നശേഷി സംവരണത്തിലെ അവ്യക്തത എത്രയും പെട്ടെന്ന് പൂർത്തീകരിച്ച് ഭിന്നശേഷിക്കാർക്ക് അർഹമായ സംഭവരണം ഉറപ്പുവരുത്തി വർഷങ്ങൾക്കുമുമ്പ് നിയമനം ലഭിച്ചിട്ടുള്ള അദ്ധ്യാപകരുടെ നിയമനാംഗീകാരം എത്രയും പെട്ടെന്ന് യാഥാർത്ഥ്യമാക്കാൻ നടപടിയുണ്ടാകണം. അവർക്ക് ഡെയ്‌ലി വേജസിന്റെ ശമ്പളംപോലും കൊടുക്കാൻ പറ്റാത്ത സ്ഥിതിയായതിനാൽ മുൻകാല പ്രാബല്യത്തോടുകൂടി എല്ലാ അർഹമായ ആനുകൂല്യവും നൽകാൻ സർക്കാർ തയ്യാറാകുമോ എന്നതാണെന്റെ ചോദ്യം.

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, ബഹുമാനപ്പെട്ട അംഗം നടത്താൻ കഴിയുന്ന കാര്യങ്ങൾ പറയുക; അല്ലാതെ നടക്കാൻ യാതൊരു സാധ്യതയുമില്ലാത്ത കാര്യങ്ങൾ പറഞ്ഞിട്ട് കാര്യമില്ല. രണ്ടാം പിണറായി ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം 10475 ആൾക്കാരെ പി.എസ്.സി. വഴി നിയമിച്ച് ചരിത്രം സൃഷ്ടിച്ചിരിക്കുകയാണ്. അതിൽ ഹയർ സെക്കണ്ടറിയിൽ പി.എസ്.സി. മുഖേന 2356 വരെയും സ്പെഷ്യൽ ടീച്ചേഴ്സായി 162 പേരെയും നിയമിച്ചിട്ടുണ്ട്. എൽ.പി/യു.പി.-യിലെ പുതിയ പി.എസ്.സി. നിയമനങ്ങൾ

7957 ആണ്. അടുത്തകാലത്തൊന്നുമുണ്ടാകാത്ത രൂപത്തിലുള്ള ഇടപെടലാണ് സംസ്ഥാന ഗവൺമെന്റ് പി.എസ്.സി. മുഖാന്തരം അദ്ധ്യാപകരെ നിയമിക്കുന്നതിനുവേണ്ടിയുള്ള നടപടികളിൽ സ്വീകരിച്ചിട്ടുള്ളത്. ഭിന്നശേഷി സംവരണത്തെപ്പറ്റി അങ്ങിവിടെ സൂചിപ്പിച്ചു. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം എത്രയും പെട്ടെന്ന് കിട്ടിയ അവസരത്തിൽ കുട്ടികളുടെ എണ്ണം എടുക്കുന്നതിനുവേണ്ടി തയ്യാറായി. ഒന്നു മുതൽ പന്ത്രണ്ട് വരെയുള്ള കുട്ടികളുടെ എണ്ണം 47 ലക്ഷമാണ്. ഇത് പൂർത്തീകരിക്കുന്നത് സംബന്ധിച്ച് ഒരു നടപടിക്രമമുണ്ട്. ആ നടപടിക്രമമെല്ലാം പൂർത്തീകരിക്കുന്നതിന് സാധാരണഗതിയിൽ കുറച്ച് സമയമെടുക്കാറുണ്ട്. ആ സമയമെടുത്ത് 6005 പേരെയാണ് പുതുതായി നിയമനം നടത്തേണ്ടതെന്ന് അങ്ങേയ്ക്കറിയാമല്ലോ;

മി. സ്പീക്കർ: പ്ലീസ്.... പ്ലീസ്... ഉബൈദുള്ള അവിടെയിരിക്കു...

ശ്രീ. വി. ശിവൻകുട്ടി: സർ, 6005 പേരുടെ നിയമനം നടത്തണമെന്ന് കണ്ടെത്തിയിട്ടുണ്ട്. 6005 പേരുടെ നിയമനം നടത്തുന്നതിന് ഒരു നടപടിക്രമമുണ്ട്. ആ നടപടിക്രമത്തിന്റെ അടിസ്ഥാനത്തിൽ അത് പൂർത്തീകരിക്കും. ഭിന്നശേഷി സംവരണത്തെ സംബന്ധിച്ചടുത്തോളം ....

(ബഹളം)....

<u>ശ്രീ. പി. ഉബൈദുള്ള:</u> അങ്ങ് പി.എസ്.സി.-യിൽനിന്നും നിയമനം നടത്തിയത് സംബന്ധിച്ച് ഒന്നും പറയുന്നില്ലല്ലോ; മാനേജ്മെന്റിന്റെ കാര്യം മാത്രം പറഞ്ഞാൽ മതിയോ?

<u>ശ്രീ. വി. ശിവൻകുട്ടി:</u> സർ, ഭിന്നശേഷി സംവരണത്തെ സംബന്ധിച്ചിടത്തോളം ഗവൺമെന്റ് കുറ്റക്കാരല്ല; ഇതുസംബന്ധിച്ച് ഹൈക്കോടതിയുടെയും സുപ്രീം കോടതിയുടെയും വിധിയുണ്ട്. ആ വിധി മൂന്ന് ശതമാനവും നാല് ശതമാനവും മറികടക്കുന്നതിനുവേണ്ടി അടിയന്തര പെറ്റീഷൻ ഗവൺമെന്റ് ഹൈക്കോടതിയിലും സുപ്രീം കോടതിയിലും സമർപ്പിച്ചിരിക്കുകയാണ്. എത്രയുംവേഗം ആ വിഷയത്തിന് പരിഹാരം കാണുന്നതിനുള്ള നടപടി സ്വീകരിക്കും. ഏതെങ്കിലും സ്കൂളിൽ പഠിപ്പിക്കുന്നതിനുവേണ്ടി അദ്ധ്യാപകരില്ലെങ്കിൽ ഡെയ്‌ലി വേജസിൽ ടീച്ചർമാരെ വയ്ക്കുന്നതിനുള്ള അനുവാദം ഗവൺമെന്റ് കൊടുത്തിട്ടുണ്ട്. ഇതിനപ്പുറം ഗവൺമെന്റിനെക്കൊണ്ട് വേറൊന്നും ചെയ്യാൻ കഴിയുമെന്ന് തോന്നുന്നില്ല.